**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 265** **22-07-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മെമ്പർ റിലീഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ഏത് വിഭാഗത്തിൽപെട്ടവർക്കാണ് സാമ്പത്തിക സഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ ഓപ്പൺ ഹാർട്ട് സർജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, അപകടത്തിൽപെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ച പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ടി വ്യക്തികൾ സംഘത്തിലെ എ ക്ലാസ്സ് അംഗമായിരിക്കണം. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര അംഗങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതി പ്രകാരം 14 ജില്ലകളിലായി 11194 അംഗങ്ങൾക്ക് 23,94,10,000/- (ഇരുപത്തി മൂന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി പതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ